**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136** | **04-02-2026 - ൽ മറുപടിയ്ക്ക്**

**വയോസാന്ത്വനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംരക്ഷിക്കാനാരും ഇല്ലാത്തവരും നിരാശ്രയരുമായ വയോജനങ്ങളുടെ ശാരീരിക, മാനസിക, സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നതിനായി വയോസാന്ത്വനം പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എന്തൊക്കെയാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംരക്ഷിക്കാനാരുമില്ലാത്തവരും നിരാശ്രയരുമായ കിടപ്പ് രോഗികളായ വയോജനങ്ങളുടെ ശാരീരിക, മാനസിക, സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നതിനായി 08/09/2023 ലെ സ.ഉ.(സാധാ) നം.194/2023/എസ്.ജെ.ഡി നമ്പർ ഉത്തരവ് പ്രകാരം വയോസാന്ത്വനം പദ്ധതി സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br><br>കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ (ഒസിബി) അംഗീകാരം നിലവിലുള്ളതും, എന്നാൽ മറ്റ് സർക്കാർ ഗ്രാന്റ് ലഭ്യമാകാത്തതുമായ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി നടത്തുന്നതിലേക്കായി മനുഷ്യ വിഭവശേഷിയുടെയും, ദൈനംദിന ചിലവുകളുടെയും ആകെ തുകയുടെ 80% തുക സംസ്ഥാന സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭ്യമാക്കുന്നു. പദ്ധതി നടത്തിപ്പിനാവശ്യമായ ബാക്കി 20 % തുകയും, പദ്ധതി പ്രവർത്തനത്തിനു ആവശ്യമായ ഭൗതിക സൗകര്യങ്ങളും ഉറപ്പ് വരുത്തുന്നതിന് സന്നദ്ധരായ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി ഏറ്റെടുത്ത് നടത്താവുന്നതാണ്. നിരാലംബരും ആരും സംരക്ഷിക്കാനില്ലാത്തതുമായ കിടപ്പ് രോഗികളായ വയോജനങ്ങൾക്കാവശ്യമായ പരിചരണം ഉറപ്പാക്കുക, ഇത്തരത്തിൽ കിടപ്പുരോഗികളെ സംരക്ഷിക്കാൻ നോൺ-ഗവൺമെന്റൽ ഓർഗനൈസേഷനുകൾക്ക് (എൻ.ജി.ഒ) പ്രോത്സാഹനം നൽകുക, കിടപ്പ് രോഗികളെ സംരക്ഷിക്കുന്നതിന് എൻ.ജി.ഒ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനവും അധിക ജീവനക്കാരുടെ സേവനവും ലഭ്യമാക്കുക എന്നത് പദ്ധതിയുടെ ലക്ഷ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് കിടപ്പുരോഗികളായ വയോജനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകാമോ; | (ബി) | കിടപ്പ് രോഗികളായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് നോൺ-ഗവൺമെന്റൽ ഓർഗനൈസേഷൻ (എൻ.ജി.ഒ) സ്ഥാപനങ്ങൾ തയ്യാറാകാത്ത നിലവിലുള്ള അവസ്ഥയ്ക്ക് പരിഹാരം എന്ന നിലയിൽ കിടപ്പ് രോഗികളെ പരിചരിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുക, കിടപ്പുരോഗികളെ പരിചരിക്കുന്നതിനാവശ്യമായ യോഗ്യതയുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കുക, ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനത്തിലൂടെ കിടപ്പു രോഗികളായവരെ ദൈനംദിനാവശ്യങ്ങൾ സ്വന്തമായി ചെയ്യുന്നതിന് പ്രാപ്തരാക്കുക എന്നിവക്കാവശ്യമായ പ്രവർത്തനങ്ങൾ വയോസാന്ത്വനം പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു.<br><br>പ്രസ്തുത പദ്ധതി പ്രകാരം ചുവടെ പറയുന്ന രണ്ട് സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചു വരുന്നത്.<br><br>1. ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ്, പത്തനാപുരം, കൊല്ലം<br><br>2. ഇ.എം.എസ് ചാരിറ്റബിൾ സൊസൈറ്റി (സ്നേഹാലയം), പത്തനംതിട്ട<br><br>പ്രസ്തുത സ്ഥാപനങ്ങളിൽ റാമ്പ്/ലിഫ്റ്റ്/സ്ട്രെച്ചർ, ബുദ്ധിമുട്ടില്ലാതെ പ്രവേശിപ്പിക്കുന്ന തരത്തിലുള്ള ശുചിമുറിയുടെ നിർമ്മാണം, കൂടുതൽ അഗ്നിശമന ഉപകരണങ്ങൾ, അടിയന്തിര അലാറം, മാനദണ്ഡ പ്രകാരമുള്ള പ്രത്യേകമുറി സൗകര്യങ്ങൾ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (സി) | ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (സി) | ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഓർഫനേജ് കൺട്രോൾ ബോർഡ്, ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസ് എന്നിവ മുഖേന സർക്കാർ സ്നേഹാലയങ്ങളിലോ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള വൃദ്ധ സദനങ്ങളിലോ പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കുന്നതിന് സംസ്ഥാന സാമൂഹ്യനീതി വകുപ്പ് വയോരക്ഷ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആരോരുമില്ലാത്തവർക്ക് കൂട്ടിരിപ്പുകാരുടെ സേവനം ലഭ്യമാക്കുക, ചികിത്സക്കാവശ്യമായ തുകയുടെ ലഭ്യത, പുനരധിവാസം എന്നിവ സാധ്യമാക്കുക |

| | | | |
|---|---|---|---|
| | | | എന്നിവയ്ക്കാണ് വയോരക്ഷാ പദ്ധതി ഊന്നൽ നൽകുന്നത്. |

സെക്ഷൻ ഓഫീസർ